പി.റ്റി.(3). 6939/2021

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി -12/08/2022

## സർക്കുലർ നം. 37/2022

വിഷയം – സഹകരണ വകുപ്പ് – 2022 ആഗസ്റ്റ് 15 – ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ 75 ാം വാർഷികാഘോഷം -'*ഹർ ഘർ തിരംഗ്* -സഹകരണസ്ഥാപനങ്ങൾക്കുള്ള നിർദ്ദേശം – സംബന്ധിച്ച്.

സൂചന – 01/08/2022 ലെ സർക്കാർ സർക്കുലർ നം. Pol.5/99/2022 – GAD.

ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ 75 –ാം വാർഷികാഘോഷത്തിനായി ആഗസ്റ്റ് 13 ന് ആരംഭിക്കുന്ന '*ഹർ ഘർ തിരംഗ്* യുടെ ഭാഗമായി എല്ലാ സർക്കാർ കെട്ടിടങ്ങളിലും, പൊതുമേഖലാ, സ്വാശ്രയ, സാമൂഹ്യ, വിദ്യാഭ്യാസ, സ്വകാര്യ സ്ഥാപനങ്ങളിലും, പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വസതികളിലും 2022 ആഗസ്റ്റ് 13 മുതൽ 15 വരെ ദേശീയപതാക നാട്ടി പ്രസ്തുത ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിന് സൂചന പ്രകാരം സർക്കാർ സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളെയും അവയിലെ ജീവനക്കാരെയും ആഹ്വാനം ചെയ്തിട്ടുണ്ട്.

ആയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലും അവയിലെ ജീവനക്കാരുടെ വസതികളിലും ദേശീയ പതാക 2022 ആഗസ്റ്റ് 13 മുതൽ 15 വരെ ഉയർത്തിക്കെട്ടി പ്രസ്തുത സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ പങ്കെടുക്കുവാൻ ആഹ്വാനം ചെയ്യുന്നു.

### സ്വാതന്ത്ര്യത്തിന്റെ 75-ആം വാർഷികാഘോഷം - പതാക ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

- **ആഗസ്റ്റ് 13 മുതൽ 15 വരെ ദേശീയ പതാക ഉയർത്തുക.**
- **ഈ ദിവസങ്ങളിൽ ദേശീയ പതാക രാത്രിയിൽ താഴ്ത്തേണ്ടതില്ല.**
- **ഫ്ലാഗ് കോഡിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണം.**
- **ദേശീയ പതാക ദീർഘ ചതുരാകൃതിയിലായിരിക്കണം . ഏതു വലുപ്പവും ആകാം. പതാകയുടെ നീളവും ഉയരവും(വീതി) തമ്മിലുള്ള അനുപാതം 3 : 2 ആയിരിക്കണം.**
- **കോട്ടൺ , പോളിസ്റ്റർ , കമ്പിളി , സിൽക്ക് , ഖാദി തുണിത്തരങ്ങളിൽ നിർമ്മിച്ച പതാകകൾ ഉപയോഗിക്കാം .**

- പതാക പ്രദർശിപ്പിക്കുമ്പോഴെല്ലാം ആദരവോടെയും വ്യക്തതയോടെയുമാകണം.
- കേടുപാടുള്ളതോ വൃത്തിയില്ലാത്തതോ കീറിയതോ ആയ പതാക ഉയർത്താൻ പാടില്ല.
- ഒരു കൊടിമരത്തിൽ മറ്റേതെങ്കിലും പതാകയ്ക്കൊപ്പം ഒരേ സമയം ദേശീയ പതാക ഉയർത്താൻ പാടില്ല.
- ദേശീയ പതാക തലതിരിഞ്ഞ രീതിയിൽ പ്രദർശിപ്പിക്കരുത്.
- തോരണം , റോസെറ്റ് തുടങ്ങിയ അലങ്കാര രൂപത്തിൽ ഉപയോഗിക്കരുത് .
- പതാക നിലത്ത് തൊടാൻ അനുവദിക്കരുത്.
- പതാകയിൽ എഴുത്തുകൾ പാടില്ല.
- കെട്ടിടങ്ങളുടെ മുൻവശത്തോ ജനൽപ്പാളിയിലോ ബാൽക്കണിയിലോ തിരശ്ചീനമായി ദേശീയ പതാക പ്രദർശിപ്പിക്കുമ്പോൾ സാഫ്റോൺ ബാൻഡ് ദണ്ഡിന്റെ അറ്റത്ത് വരത്തക്കവിധം കെട്ടണം.
- ദേശീയ പതാകയ്ക്കു മുകളിലായോ അരികിലോ മറ്റ് പതാകകൾ സ്ഥാപിക്കരുത്.

സഹകരണസംഘം രജിസ്ട്രാർ

എല്ലാ പ്രാഥമിക/ കേന്ദ്ര / അപ്പെക്സ് സഹകരണ സ്ഥാപനങ്ങൾക്കും

ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.

എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർമാർക്കും

ജോയിന്റ് രജിസ്ട്രാർ, സഹകരണ വിജിലൻസ് ആഫീസ്, തിരുവനന്തപുരം.

കേരള സഹകരണ സർവ്വീസ് പരീക്ഷാബോർഡ്, തിരുവനന്തപുരം.

കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ്, തിരുവനന്തപുരം.

കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്, തിരുവനന്തപുരം.

കേരള സംസ്ഥാന സഹകരണ വികസന ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.

കേരളസംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം.

അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി,
കേരള സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

ഡെപ്യൂട്ടി രജിസ്ട്രാർ/ സെക്രട്ടറി, കേരള സഹകരണ ട്രൈബ്യൂണൽ, തിരുവനന്തപുരം.

ഡെപ്യൂട്ടി രജിസ്ട്രാർ/ സെക്രട്ടറി,
കേരള സഹകരണ ഓംബുഡ്സ്മാൻ ആഫീസ്, തിരുവനന്തപുരം.

അസിസ്റ്റന്റ് രജിസ്ട്രാർ/ സെക്രട്ടറി,
സഹകരണ ആർബിട്രേഷൻ കോടതി, തിരുവനന്തപുരം. /കോഴിക്കോട്.

അഡീഷണൽ രജിസ്ട്രാർ/ സെക്രട്ടറി,
കേരള സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.